# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 803**

**30.06.2015- ൽ മറുപടി.**

## ഹരിപ്പാട് മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എം.ആരിഫ് | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നിർദ്ദിഷ്ട ഹരിപ്പാട് മെഡിക്കൽ കോളേജിന്റെ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) നിർദ്ദിഷ്ട ഹരിപ്പാട് മെഡിക്കൽ കോളേജിനായി പി.പി.പി മോഡൽ നടപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളും, നിർമ്മാണ പ്രവർത്തനങ്ങൾക്കും ധനം ശേഖരിച്ച് നടത്തുന്നതിന് 'ഇൻഫ്രാമെഡ്'- കമ്പനി രജിസ്ട്രാറിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കമ്പനിയുടെ ഷെയർ 1000 രൂപ ക്രമത്തിൽ ധനം സ്വരൂപിക്കുന്നു. കൂടുതൽ കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല. |
| (ബി) ഏത് ആക്ട് പ്രകാരം രൂപം കൊണ്ട സ്ഥാപനമാണ് പ്രസ്തുത മെഡിക്കൽ കോളേജ്; ഈ സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഏത് വകുപ്പിനാണ്; ഈ സ്ഥാപനത്തിൽ സർക്കാരിന് എത്ര ശതമാനം ഷെയർ ഉണ്ടാകും; പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റിന് താൽപര്യമുള്ളവരിൽ നിന്നും എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്; സ്ഥാപനത്തിന്റെ മൂലധനം എത്ര കോടിയാണ്; ഇതിനകം സർക്കാരും, സ്വകാര്യ, പൊതുമേഖലാ സ്ഥാപനങ്ങളും എടുത്ത ഷെയറുകൾ എത്ര കോടിയുടേതാണ്; വിശദമാക്കാമോ;<br>(സി) സ്ഥാപനത്തിന്റെ ബൈലോയുടെ ഒരു പകർപ്പ് ലഭ്യമാക്കാമോ; | (ബി) &(സി) നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയാൽ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിന് തിരു.കൊച്ചി ചാരിറ്റബിൾ ആക്ടിന്റെ പരിധിയിൽ 'KIMED' എന്ന ഒരു സൊസൈറ്റി ജില്ലാ രജിസ്ട്രാറിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഷെയർ സംബന്ധിച്ച അന്തിമ തീരുമാനം എടുത്തിട്ടില്ല. കൂടുതൽ വിവരങ്ങൾ ബൈലോയിൽ പറഞ്ഞിട്ടുണ്ട്.<br>(കേരള ഗവൺമെന്റിന്റെ സൈറ്റിൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ പേജിൽ ബൈലോ ലഭ്യമാണ്). |
| (ഡി) ഹരിപ്പാട് മെഡിക്കൽ കോളേജിന് വേണ്ടി നൽകിയ ഭൂമിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (ഡി) എൻ.എച്ച്-ന്റെ സമീപം കരുവാറ്റയിലാണ് സ്ഥലം തീരുമാനിച്ചിരിക്കുന്നത്. അത് സർക്കാരിനു വേണ്ടി ഏറ്റെടുക്കാനുള്ള നടപടികൾ തുടരുന്നു. |

സെക്ഷൻ ഓഫീസർ